മധുരമായ കുട്ടികളെ, ബാബയ്ക്ക് സ്നേഹവും ബഹുമാനവും നല്കുകയാണെങ്കില് ബാബയുടെ ആശീര്വാദം ലഭിച്ചു കൊണ്ടേയിരിക്കും, മായയുടെ തുരുമ്പ് ഇല്ലാതായിക്കൊണ്ടിരിക്കും.

ചോദ്യം :- ഈ ചൈതന്യ പൂന്തോട്ടത്തില് ചില പൂക്കള് പുഷ്പിക്കാറില്ല, മൊട്ടായിതന്നെയിരിക്കുന്നു - എന്തുകൊണ്ട്?

ഉത്തരം :- എന്തുകൊണ്ടെന്നാല് പുരുഷാര്ത്ഥത്തില് അലസതയാണ്. ഓര്മ്മിക്കേണ്ട സമയത്ത് ഉറങ്ങികൊണ്ടിരിക്കുന്നു. ഉറങ്ങുന്നവര് തങ്ങളുടെ സമയം നഷ്ടപ്പെടുത്തുന്നു. ആരാണോ ഉറങ്ങുന്നവര് അവര് നഷ്ടപ്പെടുത്തുന്നു. വിടരാത്ത പൂമൊട്ടായി തന്നെ ഇരിക്കുന്നു. ദേവീ ദേവതാ ധര്മ്മത്തില് ആള്റൗണ്ട് പാര്ട്ടുള്ളവര് എല്ലായ്പ്പോഴും റോസാപ്പൂവിനെപ്പോലെയായിരിക്കും.

ഗീതം :- ഈ സമയം പോയ്ക്കൊണ്ടേയിരിക്കുന്നു..

ഓം ശാന്തി. ഇത് ആരാണ് മനസ്സിലാക്കിതരുന്നത്? പരിധിയില്ലാത്ത അച്ഛന് കുട്ടികള്ക്ക് മനസ്സിലാക്കി തരുകയാണ്. പരിധിയില്ലാത്ത ഈ ഘടികാരത്തില് ഇപ്പോള് കുറച്ച് സമയം അഥവാ കുറച്ച് നിമിഷമേ ബാക്കിയുള്ളൂ, മണിക്കൂറുകള് കഴിഞ്ഞിരിക്കുന്നു; ബാക്കി കുറച്ചുമിനുട്ടുകള് മാത്രമേയുള്ളൂ. ആരാണോ നല്ല വിവേകശാലിയായ കുട്ടികള് അവര് മാത്രമേ ഈ കാര്യം അറിയുന്നുള്ളൂ. നമ്പറനുസരിച്ചല്ലേ? റോസാപുഷ്പങ്ങളിലും നമ്പര്വാറുണ്ടവൈസാണ്. ഇവിടേയും റോസാപുഷ്പങ്ങള് ഉണ്ട്. എന്നാല് അതില് ചിലത് വിടരാത്ത മൊട്ടുകളാണ്. ചിലത് കുറച്ച് വിടര്ന്നതാണ്. നിങ്ങളുടെ ദേവീ ദേവതാ ധര്മ്മവും അതുപോലെ എല്ലായ്പ്പോഴും വിടര്ന്ന റോസാപ്പൂവാണ്, മുഴുവന് പാര്ട്ടും അഭിനയിക്കുന്നതാണ്. നിങ്ങള് എല്ലാ ധര്മ്മങ്ങളിലും വെച്ച് ഏറ്റവും ഉയര്ന്നതായ ധര്മ്മത്തിലുള്ളവര് എല്ലായ്പ്പോഴും വിടര്ന്ന റോസാപ്പൂക്കളാണ്. മറ്റുധര്മ്മങ്ങളിലുള്ളവര് പിന്നെ പലതരത്തിലാണ്, ചിലത് ചെമ്പകം, ചിലത് മുല്ലപ്പൂവ്, ചിലത് നന്ദിയാര്വട്ടം, ചിലത് എരിക്കിന്പൂവ് ആണ്. പൂന്തോട്ടമാണല്ലോ. എല്ലാ ധര്മ്മങ്ങളുടേയും പൂന്തോട്ടങ്ങളുണ്ട്. കുട്ടികള്ക്കറിയാം ഉയര്ന്നതിലും ഉയര്ന്ന ധര്മ്മം ദേവീ ദേവതകളുടേതാണ്. എന്നാല് സീസണ് അല്ലാത്തപ്പോള് പൂന്തോട്ടത്തിലെ ചെടികളില് ഇലകള് പോലും ഉണ്ടാകില്ല. (ബാബ ഇന്ന് പൂന്തോട്ടത്തില് നിന്ന് ഒരു വലിയ റോസാപ്പൂവ്, ഒരു ചെറിയ റോസാപ്പൂവ്, ഒരു പകുതി വിരിഞ്ഞ പൂവ്, ഒരു പൂമൊട്ട്, ഒരു കൂമ്പിയ മൊട്ട്, ഒരു പുതുതായുണ്ടായ മൊട്ട്....അങ്ങനെയുള്ള പലതരത്തിലുള്ള പൂക്കള് കൊണ്ടുവന്ന് ഗദ്ദിയില് വെച്ചിരിക്കുകയാണ്). ഇപ്പോള് നോക്കൂ, പുതുതായുണ്ടായ മൊട്ടിലും ചിലത് പാകമാകാത്തത്, ചിലത് പകുതി വിടര്ന്നത്, ചിലത് പൂക്കളാണ്, ചിലത് കൂമ്പിയ മൊട്ടുകളാണ്. ചിലത് വാടിയതാണ്, ഒട്ടും വിരിയുന്നതേ ഇല്ല. ഇതുപോലെ തന്നെ അല്ലേ ? അതുകൊണ്ട് ബാബ പറയുകയാണ്, പുരുഷാര്ത്ഥത്തില് അലസത കാണിക്കരുത്. അങ്ങനെ ചെയ്ത് പൂമൊട്ടായിത്തന്നെ ആവരുത്. ചിലര് പകുതിയില് ഇരിക്കുകയാണ്. എല്ലാം നമ്പര് അനുസരിച്ചാണ്. മനസ്സിലാക്കി തരികയാണ്, ഈ അവസ്ഥയില് അവര്ക്ക് എന്തു പദവിയാണ് നേടാന് കഴിയുക? വളരെ കുറച്ച് സമയം മാത്രമേ ഉള്ളൂ. ഘടികാരം ഉണ്ടാക്കിയാല്, സൂചിയെ മാറ്റാന് പറ്റില്ലല്ലോ. ലക്ഷ്യം കാണിക്കുന്ന വിധത്തില് യുക്തിപൂര്വ്വം സൂചിയെ കാണിക്കണം. സൂചി ഇവിടെനിന്ന് കറങ്ങാന് തുടങ്ങിയതാണ്, ഇപ്പോള് ഇവിടെ വരെ വന്ന് എത്തിയിരിക്കുകയാണ്. പൂജ്യത്തില്നിന്നുതുടങ്ങി സൂചി 12 വരെ എത്തുമ്പോഴാണ് മുഴുവനാകുന്നത്. അതുകൊണ്ട് ഈ ചക്രത്തിലും ആദ്യം ദേവീ ദേവതാ ധര്മ്മമാണ് ഉണ്ടായിരുന്നത്, ഇപ്പോള് അവസാനമാണ്. ബാബ വന്നപ്പോള് മുതല് എണ്ണാന് തുടങ്ങാം.

അതുകൊണ്ട് ബാബ പറയുകയാണ്- കുട്ടികളെ സമയം പാഴാക്കരുത്. ബാബയെ ഓര്മ്മിച്ചുകൊണ്ടേ ഇരിക്കൂ. എത്രത്തോളം ഓര്മ്മിക്കുന്നുവോ അത്രത്തോളം വികര്മ്മം വിനാശമാകും. വികര്മ്മം എല്ലാവരില് നിന്നും ഉണ്ടായികൊണ്ടിരിക്കും. അങ്ങനെ ആരും വിചാരിക്കരുത്, എന്നില് നിന്ന് ഒരു വികര്മ്മവും ഉണ്ടാവില്ലെന്ന്, ഇത്രത്തോളം അഹങ്കാരം ആര്ക്കും ഉണ്ടാകരുത്. വികര്മ്മം ഉണ്ടാകുന്നത് വളരെയധികം ഗുപ്തമായിട്ടാണ്. അതിനാല് വളരെയധികം ശ്രദ്ധവേണം. ഈ വാച്ചില് നിങ്ങള് സമയത്തെക്കുറിച്ചുള്ള അറിവ് മനസ്സിലാക്കും. മനുഷ്യര് മനസ്സിലാക്കിയിരിക്കുന്നത് കലിയുഗം ഇപ്പോള് ശിശുവാണ് എന്നാണ്. തീര്ച്ചയായും കൂരിരുട്ടില് കിടക്കുകയാണ്. ഇപ്പോള് നിങ്ങള്ക്ക് മരിച്ചവരെ ഉണര്ത്തണം, അതിരാവിലെ എഴുന്നേറ്റ് അച്ഛനെ

ഓര്മ്മിക്കണം. ആര് ഉറങ്ങുന്നുവോ അവര്ക്കെല്ലാം നഷ്ടമാവുകയാണ്. അതായത് ഓര്ക്കേണ്ട സമയം പാഴാക്കരുത്. അല്ലെങ്കില് ശവമായി തന്നെ ഇരിക്കും. ചിലര് മൊട്ടുകളായി തന്നെയിരിക്കും. കൊടുംകാറ്റില് നല്ല നല്ല മൊട്ടുകളും താഴെ വീഴാറുണ്ട്, പൂക്കളും വീഴാറുണ്ട് മൊട്ടുകളും വീഴാറുണ്ട്. പിന്നെ മുള്ളായിത്തന്നെ അവശേഷിക്കുന്നു. ദേവകുലത്തില് വരും, പക്ഷെ പ്രജയായിട്ടായിരിക്കും വരുക. നിങ്ങള് തന്നെയാണ് റോസാപ്പൂവിന്റെ ചെടികള്. എന്നാല് ഇതില് തൃപ്തരാകരുത്. മനുഷ്യര് പറയാറുണ്ട് ഇന്ന ആള് സ്വര്ഗ്ഗലോകം പൂകി, പക്ഷെ എന്തായിത്തീര്ന്നു? ഇതിനു കാരണം ഉണ്ടാവുകയില്ലേ. എത്രത്തോളം ബാബയുടെ ഏറ്റവും നല്ല സേവാധാരി കുട്ടികളാണോ അത്രയും ഏറ്റവും സ്നേഹികളും ആയിരിക്കും. സത്പുത്രരും ആജ്ഞാകാരിയും സത്യസന്ധതയുള്ളവരുമായ കുട്ടികളെ അച്ഛനും അമ്മയും വളരെയധികം സ്നേഹിക്കാറുണ്ട്. മായ പൂര്ണ്ണമായും അവിശ്വസ്തരാക്കുന്നു. നമ്മളില് നിന്ന് വളരെയധികം തെറ്റുകള് ഉണ്ടാകുന്നതെന്ന് അറിയുകപോലും ഇല്ല. ബാബ പറയുകയാണ് ആര് ചെയ്യുന്നുവോ അവര് നേടുന്നു. ശിക്ഷ അനുഭവിക്കുന്ന തരത്തിലുള്ള ഒരു വികര്മ്മവും ചെയ്യരുത്. ചില വികര്മ്മങ്ങളുടെ ശിക്ഷ ഇവിടെയും അനുഭവിക്കേണ്ടി വരുന്നു. കര്മ്മനിയമം ആണ്. ഗര്ഭ ജയിലിലും കര്മ്മഫലം അനുഭവിക്കണം. ഇതില് നിന്ന് വളരെ ശ്രദ്ധയോടുകൂടി രക്ഷപ്പെടണം. മായ വളരെ വലിയ ചെകുത്താനാണ്. അതിനാല് അതിസ്നേഹിയായ അച്ഛനെ ഓരോനിമിഷവും ഓര്മ്മയില് വെച്ച് ജീവിക്കണം. എങ്ങിനെയാണ് ലൗകിക പിതാവ് തന്റെ കുട്ടികളെ തിരിച്ചറിയുന്നത് അതേപോലെ പാരലൗകിക പിതാവും ഓരോ കുട്ടികളേയും തിരിച്ചറിയാറുണ്ട്. അച്ഛന് സ്വയം പറയുന്നു ഞാന് ഒരേ ഒരു ശരീരത്തിലേക്ക് മാത്രമാണ് വരുന്നത്. എത്രയധികം കുട്ടികളാണ്, ഇനിയും വളരെ കൂടുതല് വരും. വൃക്ഷം വലുതാവുകയാണ്. ഭഗവാന്റെ മുന്നില് ഭക്തരുടെ തിരക്ക് കൂടുതലാകും. ശിവക്ഷേത്രത്തില് ഇത്ര തിരക്കുണ്ടാവുകയില്ല. ഇവിടെ നിങ്ങള്ക്കറിയാം എത്രത്തോളം തിരക്കുണ്ടാകു മെന്ന്. സൂര്യവംശി, ചന്ദ്രവംശി രാജധാനിയുടെ സ്ഥാപന ഉണ്ടാവണം ഈ കാര്യങ്ങള്ക്ക് ബുദ്ധി വളരെ വിശാലമായിരിക്കണം. ഭക്തര് ഇത്രയധികം ഭക്തി ചെയ്യുകയാണ്, അവരുടെ മുന്നിലേക്ക് ഭഗവാന് വരുകയാണെങ്കില് എത്ര തിരക്കായിരിക്കും.

നിങ്ങള്ക്കറിയാം ബാബ നമ്മളെ രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. എന്നാല് വീട്ടില് ഇരുന്നിട്ടും മറന്നുപോകുന്നു. ഇത് ഇത്രയധികം വിചിത്രമായ കാര്യമാണ്. ആരാണോ കൂടെ കഴിയുന്നത് എന്നിട്ടും മറന്നുപോകുന്നു. അത്രത്തോളം സ്നേഹവും ബഹുമാനവും കൊടുക്കുന്നില്ല. സൂചിക്ക് തുരുമ്പ് പിടിച്ചിട്ടുണ്ടെങ്കില് അത് കാന്തത്തിനോട് അത്ര ആകര്ഷണം ഉണ്ടാവുകയില്ല. യോഗവും ജ്ഞാനവും ഉണ്ടായാലെ ക്ലാവ് ഇല്ലാതാവുകയുള്ളു. മാത്രമല്ല പരമാത്മാവിന്റെ ആശീര്വാദവും വേണ്ടേ. മായയുടെ തുരുമ്പ് പറ്റിപിടിച്ചിരിക്കുകയാണ്. ഏതെങ്കിലും സാധനത്തില് തുരുമ്പ് പിടിച്ചാല് മണ്ണെണ്ണയിലിട്ട് വെക്കാറുണ്ട്. നിങ്ങളിലുള്ള തുരുമ്പും യോഗത്തിലൂടെ ഇല്ലാതായി തീരുന്നു. ആത്മാവ് ശുദ്ധമായി തീരുന്നു. അതിനാല് ബാബ മനസ്സിലാക്കിതരുകയാണ് കുട്ടികളേ..പുഷ്പങ്ങളായി മാറികാണിച്ചുതരൂ. ഇങ്ങനെയുള്ള സമയവും പെട്ടന്നുതന്നെ വരാന് പോകുകയാണ്, നിങ്ങള് ആരുടെയെങ്കിലും മുന്നില് ഇരുന്നാല് മതി പെട്ടെന്നു തന്നെ അവര്ക്ക് സാക്ഷാത്ക്കാരം ഉണ്ടാവാന് തുടങ്ങും. ബ്രഹ്മാവിന്റേയും, വിഷ്ണുവിന്റേയും സാക്ഷാത്ക്കാരം കൂടുതല് പേര്ക്കും ഉണ്ടാകാറുണ്ട്. ഇങ്ങനെയുള്ള നിര്ദ്ദേശങ്ങള് ഉണ്ടാകും. ബി.കെ. യുടെ അടുത്തേക്ക് പോകൂ. ബ്രഹ്മാവും ഇരിക്കുന്നുണ്ട്, ബ്രഹ്മകുമാരനും കുമാരിയും ഇരിക്കുന്നുണ്ട്. മുന്നോട്ട് പോകവേ കൂടുതല് പേര്ക്കും സാക്ഷാത്ക്കാരം ഉണ്ടാകും. ബാബ സാക്ഷാത്കാരം കാണിച്ചുകൊടുക്കും. നിങ്ങള് അങ്ങോട്ടു പോകൂ. ഞാന് അവിടെ രാജയോഗം പഠിപ്പിക്കുന്നുണ്ട് , ഇതിലൂടെ നിങ്ങള്ക്ക് ഇങ്ങനെയുള്ള പദവികള് നേടാന് കഴിയും. ഇതും ഒരു സെക്കന്റിന്റെ കാര്യമാണ്.

മന്മനാഭവ- എന്നെ ഓര്മ്മിക്കുകയാണെങ്കില് നിങ്ങള് സൂര്യവംശിയായിത്തീരും. അവിടെയാണെങ്കില് ദേവീ വംശിയാണ്, ഇവിടെയാണെങ്കില് ആസുരീയ വംശിയാണ്. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിതരുന്നത്. ചില സാധനങ്ങളെ സൂക്ഷ്മമായുണ്ടാക്കുവാന് വേണ്ടി ഉരക്കേണ്ടതായിട്ടുവരും. കെട്ടിടത്തിന്റെ അടിത്തറ ഉണ്ടാക്കുവാന് വേണ്ടി എത്ര പരിശ്രമം ആവശ്യമാണ്. ബാബ പറയുകയാണ് എത്രത്തോളം കഴിയുമോ അത്രത്തോളം എന്നെ ഓര്മ്മിക്കൂ. ശിവപുരിയേയും, വിഷ്ണുപുരിയേയും ഓര്മ്മിക്കൂ. ഇത് ഉള്ളിന്റെ ഉള്ളില് സ്വയത്തോട് സംസാരിക്കണം. ആദ്യം സ്വയത്തോട് ചോദിച്ച് ചിന്തിച്ച് പിന്നെ സംസാരിക്കണം, മനസ്സിലാക്കികൊടുക്കുവാന് വേണ്ടി. നിങ്ങള്ക്കും മനസ്സിലാക്കണം.

ഇപ്പോള് കുട്ടികള് എക്സിബിഷനില് എത്ര പരിശ്രമിക്കുന്നുണ്ട്. എല്ലാം മനസ്സിലാക്കുവാനുള്ള കാര്യമാണ്. കേവലം

സ്ലോഗനുകള് കൊണ്ട് ആര്ക്കും മനസ്സിലാവുകയില്ല. ബാബ ഇരുന്ന് മനസ്സിലാക്കിതരുകയാണ്. ദേവീദേവതകള്ക്ക് രാജ്യം എങ്ങനെ കിട്ടി? ആരാണ് രാജയോഗം പഠിപ്പിച്ചത്. ഭഗവാനുവാചാ ഞാന് രാജയോഗം പഠിപ്പിക്കുന്നു. പറയുകയാണ് എന്നെ മാത്രം ഓര്മ്മിക്കൂ. ശിവപുരിയേയും, വിഷ്ണുപുരിയേയും ഓര്മ്മിക്കൂ. ഇപ്പോള് പ്രദര്ശിനികളിലും കുട്ടികള്ക്ക് നല്ല രീതിയി ല് മനസ്സിലാക്കി കൊടുക്കണം. മെഡിറ്റേഷനും മനസ്സിലാക്കി കൊടുക്കണം. ഞങ്ങളും മെഡിറ്റേഷന് ചെയ്യുന്നുണ്ട്. നടക്കുമ്പോഴും, കറങ്ങുമ്പോഴും ബാബയെ ഓര്മ്മിച്ച് ബാബയുമായി കാര്യങ്ങള് പറഞ്ഞുകൊണ്ട് ഇരിക്കുന്നു. എങ്ങനെയാണോ ഏതെങ്കിലും പ്രോഗ്രാമിനുവേണ്ടി എവിടെയെങ്കിലും പോകേണ്ടതായിട്ട് വരുന്നത് അപ്പോള് ബുദ്ധിയില് ഉണ്ടായിരിക്കും ഇന്ന് ഇന്ന ആളുടെ അടുത്ത് ഇന്ന പ്രോഗ്രാമുമായി പോകണം. പ്രോഗ്രാം ചെയ്യണമെന്നുണ്ടെങ്കില് ബുദ്ധി ഓടികൊണ്ടേയിരിക്കും. സമയം അടുക്കുന്തോറും ഇപ്പോള് എനിക്ക് പോകണമെന്നുള്ള ചിന്ത മനസ്സില് വരും. അതുപോലെ നിങ്ങള്ക്കും ഉള്ളില് ഈ ഓര്മ്മ വേണം. മതി ഇപ്പോള് നമുക്ക് ബാബയുടെ അടുത്തേക്ക് പോകേണ്ട സമയമായി. ഈ പഴയ തോട് (ശരീരം)ഉപേക്ഷിക്കണം. ശിവപുരിയില് പോകണം. ഈ രാവണപുരിയെ ഉപേക്ഷിക്കണം. ഇത് വളരെ വൃത്തികെട്ടതും മോശമായതുമായ ലോകമാണ്. ഇപ്പോള് നമ്മള് സംഗമത്തിലാണ് ഇരിക്കുന്നത്. ഇത് അയണ് ഏജ്ഡ് (കലിയുഗം) ശരീരമാണ്.

ബാബ പറയുകയാണ്, എന്നെ ഓര്മ്മിച്ചുകൊണ്ടിരിക്കൂ. നിങ്ങള് ആത്മാക്കളെ ശിവപുരിയില് കൂട്ടികൊണ്ടുപോകും. ശ്രീകൃഷ്ണന് കൊണ്ടുപോകുവാന് കഴിയുകയില്ല. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ഇപ്പോള് ബാബ പറയുകയാണ്. ശിവബാബയെ ഓര്മ്മിക്കൂ. ഇപ്പോള് നിങ്ങള് രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങള്ക്ക് ശിവപുരിയിലേക്ക് വരണം. പിന്നെ വിഷ്ണുപുരിയിലേക്കു വരണം. ഇത് മനസ്സിലാക്കി കൊടുക്കുവാന് വളരെ എളുപ്പമാണ്. ശിവപുരിയില് നിന്നും മുക്തമായതിനുശേഷം വിഷ്ണുപുരി (ജീവന് മുക്തി)യില് പോകണം. എല്ലാവരുടേയും അച്ഛന് ഒന്നാണ്. പ്രധാനമായും ഈ കാര്യം മനസ്സിലാക്കി കൊടുക്കണം. പിന്നെ എത്ര സ്ലോഗനുകളും മറ്റും ഉണ്ടാക്കിയിട്ടുണ്ടോ അതെല്ലാം വെറുതെ ചിലവ് ഉണ്ടാക്കി എന്നുമാത്രം. ചിത്രങ്ങളൊക്കെ നിങ്ങളുടെ കയ്യിലുണ്ടല്ലോ. കറാച്ചിയിലായിരുന്നപ്പോള് നിങ്ങളുടെ അടുത്ത് എത്ര പേര് വന്നിരുന്നു. വലിയ മൈതാനത്ത് കസേരയും മേശയുമൊക്കെ ഇട്ട് ആരൊക്കെ വന്നുവോ അവര്ക്കൊക്കെ മനസ്സിലാക്കി കൊടുത്തിട്ടുണ്ടായിരുന്നു. അന്ന് ഇത്രക്ക് അറിവ് ഉണ്ടായിരുന്നില്ല.

ഇപ്പോള് വളരെ സഹജമായി ജ്ഞാനം കിട്ടിയിട്ടുണ്ട് ബാബയേയും മനസ്സിലാക്കികഴിഞ്ഞു. ബാബ തന്നെയാണ് സ്വര്ഗ്ഗത്തിന്റെ രചയിതാവ്. ബാബയുടെ ആജ്ഞയാണ് - എന്നേയും സമ്പത്തിനേയും ഓര്മ്മിക്കൂ. ചിത്രം കാണിച്ചുകൊടുത്ത് ഇതിനെകുറിച്ച് മനസ്സിലാക്കി കൊടുക്കണം. അന്നൊക്കെ മനസ്സിലാക്കി കൊടുക്കുമ്പോള് കേട്ടു കേട്ട് സാക്ഷാത്കാരം ലഭിക്കുമായിരുന്നു. ആ സമയങ്ങളില് നിങ്ങള് ചെറിയ പൂമൊട്ടുകളായിരുന്നു.

എല്ലാം ബാബയുടെ ഇന്ദ്രജാലങ്ങളായിരുന്നു. ചരട് വലിക്കുമായിരുന്നു. ഇന്നാണെങ്കില് എല്ലാം മനസ്സിലാക്കി തരേണ്ടതുണ്ട് . ഇപ്പോള് മനുഷ്യരും വളരെ മോശമാണ്. ഫോറം പൂരിപ്പിച്ച് വാങ്ങാതെ എന്ത് ജോലിയാണ് ചെയ്യുന്നതെന്ന് അറിയാന് കഴിയില്ല. ചില വക്കീല് ഉദ്യോഗത്തിനുവേണ്ടിപഠിപ്പിക്കുന്ന ടീച്ചര് ഉണ്ടാകാറില്ലേ. ഈ പരിധിയില്ലാത്ത അച്ഛന് എത്ര വലിയ ടീച്ചറാണ്. അങ്ങനെയുള്ള ടീച്ചേഴ്സ് പഠിപ്പിച്ച് വക്കീല്മാരെയാണ് ഉണ്ടാക്കുന്നത്. ഇടക്ക് ശരീരം ഉപേക്ഷിച്ചാല് വക്കീലും പഠിച്ചതുമൊക്കെ ഇല്ലാതായി അടുത്ത ജന്മത്തില് വക്കീലായി ജനിക്കുകയില്ലല്ലോ. വീണ്ടും ഒന്നു മുതല് പഠിച്ച് വക്കീലാകണം. ഇവിടെ നിങ്ങള് എന്ത് പഠിക്കുന്നുവോ, ചെയ്യുന്നുവോ അതു കൂടെ കൊണ്ടുപോകുന്നു. ആത്മാവിലാണ് സംസ്കാരം അടങ്ങിയിരിക്കുന്നത്. ചെറിയ കുട്ടികളുടെ ശരീരത്തിന്റെ അവയവങ്ങള് ചെറുതായിരിക്കും. അതിനാല് സംസാരിക്കാന് സാധിക്കില്ല. കര്മ്മേന്ദ്രിയങ്ങള് കൊണ്ട് ഒന്നും ചെയ്യാന് കഴിയുകയില്ല. എന്നാലും സംസ്കാരങ്ങള് കൊണ്ടുപോകുന്നു. ഇത് അവിനാശിയായ ജ്ഞാനമാണ്. വലുതായതിനുശേഷം വന്ന് വീണ്ടും ഈ ജ്ഞാനം എടുക്കും. അങ്ങനെയുള്ള ആത്മാക്കള് തീര്ച്ചയായും തിരിച്ച് ഇവിടെതന്നെ വന്ന് ജ്ഞാനം എടുക്കും. എവിടെയാണെങ്കിലും ആരുടെയെങ്കിലും മംഗളം ചെയ്യും. തന്റെ അച്ഛനമ്മമാരേയും ഈ ജ്ഞാനത്തിലേക്ക് കൊണ്ടുവരും. ചെറിയകുട്ടി ആണെങ്കില് പോലും മമ്മയേയും ബാബയേയും കാണുമ്പോള് ആ കുട്ടിയ്ക്ക് സ്നേഹത്തിന്റെ ആകര്ഷണമുണ്ടായിരിക്കും. അവയവങ്ങള് ചെറുതായതുകാരണം ഒന്നും സംസാരിക്കുവാന് കഴിയില്ല. എന്നാല് എല്ലാവരോടും സ്നേഹമുണ്ടാകും.

അതിനാല് ഈ ജ്ഞാനം വളരെ വിചിത്രമാണ്, രമണീകമാണ് വളരെ സഹജമാണ്. ചിലരൊക്കെ ഇപ്പോഴും മുള്ളായി തന്നെയിരിക്കുകയാണ്. സത്യയുഗം റോസാപ്പൂക്കളുടെ ലോകമാണ്. ഇപ്പോള് മുള്ളുകള് മാത്രമേ ഉള്ളൂ. പിന്നെ ഇതില് നിന്നും ചെറിയ മുകുളങ്ങള് ഉണ്ടാവും. സദാ റോസാപ്പൂക്കള് തന്നെയാണെങ്കിലും നമ്പറനുസരിച്ചാണ്. പ്രജകളായും വരണമല്ലോ? മൊട്ടായി തീര്ന്നതിനുശേഷം മുരടിച്ച് കരിഞ്ഞുപോകുന്നു. ഇതിനെ പഠിപ്പെന്നുപറയുവാന് പറ്റുമോ? ഇങ്ങനെ തന്നെ അടങ്ങിയിരുന്നാല് പ്രജയിലേക്കേ വരുകയുള്ളൂ. ആരാണോ പുഷ്പമായി മാറുന്നത് അവര് രാജകുലത്തിലേക്ക് വരും. ബാബ പൂന്തോട്ടത്തില് പോകുകയാണെങ്കില് കുട്ടികളെ മനസ്സിലാക്കി കൊടുക്കുന്നതിനു വേണ്ടി പൂക്കളും പറിച്ചുകൊണ്ടുവരാറുണ്ട്. ഇപ്പോള് പുരുഷാര്ത്ഥം ചെയ്ത് പൂവായി തീര്ന്നില്ലെങ്കില് പിന്നീട് വളരെയധികം പശ്ചാത്തപിക്കേണ്ടി വരും. ഒന്ന് വികര്മ്മത്തിന്റെ ഭാരം ശിരസ്സിലുണ്ട്, പിന്നെ ശിക്ഷയും അനുഭവിച്ച് പ്രജയായിത്തീരുക. എന്ത് പ്രയോജനമാണുള്ളത്. ഇത് മനസ്സിലാക്കുന്നുണ്ടോ നമ്മുടെ ദൈവീക രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ഓരോരുത്തര്ക്കും മനസ്സിലാക്കാന് കഴിയും ആരൊക്കെ എന്തു പദവി നേടുമെന്നുള്ളത്. മനസ്സില് തീര്ച്ചയായും അറിയാം. എത്രത്തോളം പഠിക്കുന്നുണ്ട്. എന്തായിത്തീരും ? നന്നായി പഠിക്കുന്ന കുട്ടികളുടെ ഉള്ളില് സ്നേഹം ഉണ്ടായിക്കൊണ്ടിരിക്കും. മനസ്സിലാക്കും ഇവര് രാജകുലത്തില് വരും. മുന്നോട്ടു പോകുന്തോറും നിങ്ങള്ക്ക് വളരെയധികം സാക്ഷാത്ക്കാരം ഉണ്ടാകും. പഠിക്കാത്തവര് അപ്പോള് പശ്ചാത്തപിക്കും, സമയം വളരെ കുറവാണ്. ഇത്രത്തോളം നഷ്ടം പിന്നെ എങ്ങനെ ഇല്ലാതാക്കും. ബാബ പറയുകയാണ് ബാബയുടെ കുട്ടിയായി മാറിയതിനു ശേഷം വീണ്ടും വികര്മ്മങ്ങള് ചെയ്താല് നൂറു മടങ്ങ് ശിക്ഷ അനുഭവിക്കേണ്ടി വരും. ജയിലില് പോകുന്ന പലകുറ്റവാളികളുടേയും പണി തന്നെ ഇങ്ങനെയായിരിക്കും- ശിക്ഷ അനുഭവിക്കുക, ജയിലില് പോകുക.

ഇപ്പോള് നിങ്ങള് പുരുഷാര്ത്ഥം ചെയ്യുകയാണ്. ഉയര്ന്നതിലും ഉയര്ന്ന മഹാരാജാവിന്റെയും മഹാറാണിയുടേയും പദവി നേടുന്നതിനു വേണ്ടി, നമ്പറനുസരിച്ചാണല്ലോ. ആര് ബാബയെ വിട്ട് ഓടിപോകുന്നുവോ അവരുടെ കാര്യം എന്താകും? ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. എന്നാല് ഭാഗ്യത്തിലില്ലെങ്കില് മനസ്സിലാകുകയുമില്ല. പിന്നെ ഭാഗ്യമുണ്ടാക്കുന്നവര്ക്ക് ആള്ക്ക് എന്തു ചെയ്യാന് കഴിയും. ബാബ പറയുകയാണ് പുഷ്പമായി മാറു. ബാബയെ മറക്കാതിരിക്കൂ. ഇങ്ങനെയുള്ള ബാബയുടെ കൈ ഒരിക്കലും ഉപേക്ഷിക്കരുത്. മായയാകുന്ന പെരുമ്പാമ്പ് പച്ചക്ക് വിഴുങ്ങി കളയും. ഇങ്ങനെയുള്ള തെറ്റുകള് ചെയ്യരുത് അതുമൂലം തന്റെ രാജ്യ ഭാഗ്യം ഇല്ലാതാകുന്നതരത്തില്. അതുമൂലം കല്പ കല്പാന്തം ഇങ്ങനെതന്നേയായിതീരും. ഇപ്പോള് കാണുന്നത്, ചിലര് സതോ അവസ്ഥയില് പോകുന്നു, ചിലര് രജോ അവസ്ഥയില് പോകുന്നു, ചിലര് ഇപ്പോഴും തമോ അവസ്ഥയിലാണ്. ഗ്രഹപിഴയും ചില നല്ല നല്ല കുട്ടികളേയും പിടിച്ചിട്ടുണ്ട്. ഉള്ളില് കറുപ്പും വെളിയില് വെളുപ്പും. തെറ്റുകള് ചെയ്താല് ആത്മാവ് കറുത്തുപോകും. അതിന്റെ ഫലവും മോശമാകും അതുകൊണ്ട് ബാബ പറയുകയാണ് മോശമായത് കേള്ക്കാതിരിക്കുക. അഥവാ കേട്ടാല് ഒരു ചെവിയില് കൂടെ കേട്ട് മറു ചെവിയിലൂടെ കളയുക. മോശമായ കാര്യത്തിനുവേണ്ടി ചെവി തുറന്നുവെക്കാതിരിക്കൂ. ശരി -

വളരെക്കാലത്തെ വേര്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. സദാ വികര്മ്മം വിനാശമാക്കുന്നതിന്റെ ലഹരിയില് മുഴുകണം. ഇനി ഒരു വികര്മ്മവും ഉണ്ടാകരുത്, ഇക്കാര്യത്തില് സൂക്ഷിക്കണം.

2. മായയുടെ ഗ്രഹപ്പിഴയില് നിന്ന് രക്ഷപ്പെടുന്നതിനു വേണ്ടി വ്യര്ത്ഥകാര്യങ്ങള്ക്കുമുന്നില് കാത് അടക്കണം. തന്റെ ഓരോ ചലനവും സതോപ്രധാനമായിരിക്കണം. അകവും പുറവും ശുദ്ധമായിരിക്കണം.

വരദാനം :- ബാലന്സിലൂടെ ആനന്ദമയ ജീവിതത്തിന്റെ സാക്ഷാത്കാരം ചെയ്യിക്കുന്ന, സര്വ്വരുടെയും ആശീര്വ്വാദത്തിന് പ്രാപ്തരായി ഭവിയ്ക്കട്ടെ.

ബാലന്സ് ചെയ്യുന്നത് ഏറ്റവും വലിയൊരു കലയാണ്. ഓര്മ്മയുടെയും സേവനത്തിന്റെയും ബാലന്സുണ്ടെങ്കില് അച്ഛന്റെ ആശീര്വ്വാദങ്ങളുണ്ടാകും. ഓരോ കാര്യത്തിന്റെയും ബാലന്സിലൂടെ

സഹജമായും നമ്പരുവണ്ണായിത്തീരുന്നു. ബാലന്സിലൂടെ തന്നെയാണ് അനേകാത്മാക്കളുടെ മുന്നില് ആനന്ദമയ ജീവിതത്തിന്റെ സാക്ഷാത്കാരം ചെയ്യിക്കുന്നത്. ബാലന്സിനെ സദാ സ്മൃതിയില് വെച്ചുകൊണ്ട്, സര്വ്വ പ്രാപ്തികളുടെയും അനുഭൂതി ചെയ്യിച്ചു കൊണ്ടിരിക്കു. എന്നാല് സ്വയം മുന്നേറുകയും ചെയ്യും. അനേകാത്മാക്കളെയും മുന്നേറാന് സഹായിക്കുന്നു.

സ്ലോഗന് :- ഓരോ ബുദ്ധിമുട്ടിനേയും സഹജമാക്കി പര്വ്വതത്തെ പഞ്ഞിക്കു സമാനമാക്കി മാറ്റുന്നവരാണ് മഹാവീരന്മാര്.